# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5203 | 27.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്.-ൽ അംഗൻവാടി വർക്കർമാരുടെ ഒഴിവുകൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ഒ. രാജഗോപാൽ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ എത്ര അംഗൻവാടി വർക്കർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്ര നാളായിട്ടും റാങ്ക് ലിസ്റ്റ് തയ്യാറാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് ആരൊക്കെ ചേർന്നാണ്; | എ) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ അംഗൻവാടി വർക്കർമാരുടെ 10 ഒഴിവുകൾ നിലവിലുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ല. 2016 ജൂൺ മാസത്തിൽ അംഗൻവാടി വർക്കർ, ഹെൽപ്പർ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നു. ബഹു. ഹൈക്കോടതി സ്റ്റേ പ്രകാരം സെലക്ഷൻ നടപടികൾ തുടരുവാൻ കഴിയാതെ വരുകയും സ്റ്റേ നീങ്ങിയതിന് ശേഷം 3/11/2017 ൽ സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സാമൂഹ്യ പ്രവർത്തകരുടെ ലിസ്റ്റ് അംഗീകരിച്ചു ലഭിക്കുകയും ചെയ്തു. എന്നാൽ ലോക് സഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. നിലവിലുള്ള സെലക്ഷൻ കമ്മിറ്റിയുടെ കാലാവധി പൂർത്തിയായതിനാൽ പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനായി പഞ്ചായത്തുകളിൽ 21/06/2019-ന് കത്ത് നൽകിയിട്ടുണ്ട്. പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചാലുടൻ തന്നെ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ അംഗൻവാടി വർക്കറുടെ നിയമനം | ബി) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐ.സി.ഡി.എസ്-ൽ അംഗൻവാടി വർക്കറുടെ നിയമനം നടന്നു. രണ്ട് പേരെ നിയമിച്ചു. നിയമനം ലഭിച്ച രണ്ടു |

| | |
|---|---|
| നടക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എത്ര വർക്കർമാരെ നിയമിച്ചു; നിയമനം ലഭിച്ച വർക്കർമാർ എല്ലാവരും ഹെൽപ്പർമാരിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചവരാണോ; ഇവർ എല്ലാവരും പത്ത് വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുളളവരാണോ; | പേരിൽ ഒരാൾ മാത്രമാണ് ഹെൽപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ചത്. ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിയ ആൾ 10 വർഷ സേവനം പൂർത്തിയാക്കിയിട്ടുണ്ട് നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒരാളെ ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിലും, 10 വർഷം തികഞ്ഞ എസ്.എസ്.എൽ.സി ഇല്യത പാസ്സായ ഒരാളെ ഹെൽപ്പർ തസ്തികയിൽ നിന്നും വർക്കർ തസ്തികയിലെ നാലാമത്തെ ഒഴിവിലേയ്ക്ക് കിഴുവിലം പഞ്ചായത്തിലും നിയമിച്ചിട്ടുണ്ട്. |
| സി) മേൽപ്പറഞ്ഞ നിയമനം മൂലം താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലിചെയ്ത വർക്കർമാരുടെ അവസരം നഷ്ടമാകുകയും പ്രായാധിക്യം കാരണം നിയമനം ലഭിക്കാതെ വരികയും ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്ന-തിനാവശ്യമായ നടപടി സ്വീകരിക്കുമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ താൽക്കാലികാടി-സ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്യുന്ന വർക്കർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ഡി) ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ മാത്രമേ സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളു. 31/10/2010 വരെ 6 മാസം താത്കാലിക സേവനമനുഷ്ഠിച്ച അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് മാത്രമേ നിലവിൽ വ്യവസ്ഥയുള്ളു. ഇത്തരം സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്തിടങ്ങളിൽ സെലക്ഷൻ ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുവാനാണ് നിലവിലെ വ്യവസ്ഥ. |

| | |
|---|---|
| ഇ) സാമൂഹികനീതി വകുപ്പിന്റെ 30-04-2018-ലെ സ.ഉ.(സാധാ) നമ്പർ 254/2018/സാനീവ. അനുസരിച്ച് ആകെയുള്ള അംഗൻവാടി വർക്കർ തസ്തികയുടെ 25 ശതമാനം എന്ന കണക്കിൽ ഓരോ നാലാമത്തെ ഒഴിവും 10 വർഷം സ്ഥിരസേവനവും എസ്.എസ്.എൽ.സി /പത്താംതരം തുല്യതയും നേടിയിട്ടുള്ള ഹെൽപ്പർമാർക്ക് നൽകണമെന്നവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, യോഗ്യതയുള്ള ഹെൽപ്പർ-മാരെയാണോ വർക്കർമാരായി നിയമിച്ചത്; | ഇ) യോഗ്യതയുള്ള ഹെൽപ്പറെയാണ് വർക്കറായി നിയമിച്ചത്. |
| എഫ്) 2019 ജൂൺ മാസത്തിൽ ചിറയിൻകീഴ് അഡീഷണൽ ഐസിഡിഎസ്-ൽ അംഗൻവാടി വർക്കറുടെ നിയമനത്തിൽ നിലവിലെ സി.ഡി.പി.ഒ ക്രമരഹിതമായി ഇടപെടൽ നടത്തിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തുമോ; | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| ജി) നിലവിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം റദ്ദ് ചെയ്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി സാമൂഹിക നീതി വകുപ്പിന്റെ 30-04-2018-ലെ സ.ഉ.(സാധാ) 254/2018 സാനീവ. നമ്പർ ഉത്തരവ് അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ജി) നിലവിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനങ്ങൾ 30/04/2018 ലെ സ.ഉ(സാധാ) നം. 254/2018/സാനീവ നം. ഉത്തരവ് അനുസരിച്ച് ആയതിനാൽ ടി നിയമനം റദ്ദ് ചെയ്യാൻ കഴിയില്ല. 30/04/2018 ലെ സ.ഉ(സാധാ) നം. 254/2018/സാനീവ നം. ഉത്തരവ് അനുസരിച്ച് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം 21/05/2019 ന് ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ